# <u>കോഴിക്കോട് കൊടുവള്ളിയിൽ വീണ്ടും കഞ്ചാവ് വേട്ട</u>

കൊടുവള്ളി: ഒരു കിലോയിലധികം കഞ്ചാവുമായി വാവാട് സ്വദേശികളായ രണ്ടു യുവാക്കളെ കൊടുവള്ളി സി.ഐ പി.ചന്ദ്രമോഹനും സംഘവും ചേർന്ന് പിടികൂടി. വാവാട് കുരിയാനിക്കൽ മുഹമ്മദ് സാലിഹ് (21), തങ്ങൾ എന്നറിയപ്പെടുന്ന മൊട്ടമ്മൽ ഫസലുദ്ധീൻ (26) എന്നിവരാണ് കൊടുവള്ളി -REC റോഡിലുള്ള പാമ്പങ്ങൽ ബസ്സ്റ്റോപ്പിനടുത്തുവച്ച് പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ ഒരു കിലോയിലധികം കഞ്ചാവുമായി പിടിയിലായത്. കൊടുവള്ളിയിലും പരിസരങ്ങളിലും സ്കൂൾ വിദ്യാർത്ഥികൾക്കടക്കം വിതരണം ചെയ്യുന്ന ചില്ലറ വിൽപ്പനക്കാർക്ക് വേണ്ടി കൊണ്ടുവന്ന കഞ്ചാവാണിതെന്ന് പോലീസ് പറഞ്ഞു. പ്രതികളിൽ ഒരാളായ തങ്ങൾ എന്നറിയപ്പെടുന്ന ഫസലുദ്ധീൻ ബൈക്ക് മോഷണമടക്കമുള്ള നിരവധി കേസുകളിൽ പ്രതിയാണ്.

കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവി ജി.ജയദേവ് IPS ന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ താമരശ്ശേരി DySP പി.ബിജുരാജിന്റെ നിർദേശപ്രകാരം കൊടുവള്ളി സി.ഐ പി.ചന്ദ്രമോഹന്റെ നേതൃത്വത്തിൽ എഎസ്ഐ വിനോദ്കുമാർ, SCPO ജയപ്രകാശ്, CPO പ്രവീൺ, പൊലീസ് ഡ്രൈവർ ബിജേഷ്, താമരശ്ശേരി DySP യുടെ ക്രൈം സ്ക്വാഡ് അംഗങ്ങളായ ASI രാജീവ്ബാബു, SCPO മാരായ ഷിബിൽ ജോസഫ്, ഹരിദാസൻ, ഷെഫീഖ് നീലിയാനിക്കൽ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്. കേരളാ പോലീസ് മേധാവി ശ്രീ.ലോക്നാഥ് ബെഹ്റ IPS ന്റെ ഉത്തരവ് പ്രകാരം IG പി.വിജയൻ IPS ന്റെ മേൽനോട്ടത്തിൽ ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിച്ച District Anti Narcotic Special Force (DANSAF) ന്റെ പ്രവർത്തന ഫലമായാണ് സംസ്ഥാനമൊട്ടാകെ മയക്കുമരുന്ന് വിൽപ്പനക്കെതിരെയുള്ള നടപടികൾ പോലീസ് ശക്തമാക്കിയത്.

